ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.11.2026 **TIME : 12.50 PM**

പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു -രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിൽ എത്തി. തൃശൂർ വൈദ്യരത്നം ആയുർവേദ കോളേജ് സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങ് അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും.

   President Draupadi Murmu has arrived in Kerala for a two-day visit. The President will shortly inaugurate the concluding ceremony of the golden jubilee celebrations of the Vaidyaratnam Ayurveda College in Thrissur.

2. ഇന്ത്യ-അമേരിക്ക വ്യാപാര കരാർ അന്തിമഘട്ടത്തിലാണെന്നും ഉടൻ യാഥാർത്ഥ്യമാകുമെന്നും കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ

   Commerce and Industry Minister Piyush Goyal today said that the trade deal between India and the United States is now being finalized and close to culmination.

3. ബാലവിവാഹമുക്ത ഭാരതം എന്ന ലക്ഷ്യത്തോടെ വനിതാ ശിശുവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയതല പരിപാടിക്ക് ഇന്ന് തുടക്കം.

The Ministry of Women and Child Development will organise a National Level Event on Bal Vivah Mukt Bharat in New Delhi today.

4. ആഗോള വ്യാപാരം, ഊർജ്ജ സുരക്ഷ, സാമ്പത്തിക സമൃദ്ധി എന്നിവയിൽ ഇന്ത്യൻ മഹാസമുദ്രത്തിന് നിർണായക സ്ഥാനമുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

External Affairs Minister Dr S Jaishankar today highlighted that the Indian Ocean is central to global trade, energy security, connectivity, and economic prosperity.

5. വടക്കേ ഇന്ത്യയിൽ കനത്ത മൂടൽമഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ ഇന്നും മഴ തുടരും ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

The India Meteorological Department has warned of the possibility of dense fog in North Indian states. Rain is expected to continue in Kerala today, with a 'yellow alert' issued for six districts.

6. വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും

India will face Malaysia today in the semi-finals of the Women's Asian Champions Trophy hockey tournament.

❁❁❁❁❁❁❁❁❁❁❁❁❁❁

PRESIDENT -KERALA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിൽ എത്തിയ രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഊഷ്മള സ്വീകരണം. നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഗവർണർ ഓം പ്രകാശ് മാഥുർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. കാലടിയിൽ ആദിശങ്കരാചാര്യരുടെ ജന്മസ്ഥലം സന്ദർശിച്ച രാഷ്ട്രപതി തൃശൂർ വൈദ്യരത്നം ആയുർവേദ കോളേജ് സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങ് അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. വൈകിട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. ഇതേതുടർന്ന് ഉച്ചയ്ക്ക് 1.30 മുതൽ 4.45 വരെ ഭക്തർക്ക് ക്ഷേത്രപരിസരത്തേക്ക് പ്രവേശനമുണ്ടായിരിക്കില്ല. സന്ദർശനത്തോടനുബന്ധിച്ച് ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഗതാഗത നിയന്ത്രങ്ങളുമാണ് ജില്ലയിൽ ഒരുക്കിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

PRESIDENT-KANNUR

ഏഴിമല നാവിക അക്കാദമിയിൽ നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കുന്നതിനായി രാഷ്ട്രപതി ദ്രൗപതി മുർമു നാളെ കണ്ണൂർ ജില്ലയിലെത്തും. രാവിലെ നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന രാഷ്ട്രപതി അഭിവാദ്യം സ്വീകരിക്കും. ഉച്ചയോടെ മിസോറാമിലേക്ക് തിരിക്കും.

LS/RS - SITTINGS

അടിയന്തര സർക്കാർ കാര്യങ്ങൾ പരിഗണിക്കുന്നതിന് ലോക്സഭ ഈ മാസം 30 നും രാജ്യസഭാ ഡിസംബർ രണ്ടിനും സമ്മേളിക്കും. ഇരുസഭകളുടെയും

സമ്മേളനം

ഡിസംബർ മൂന്നിന് അവസാനിച്ചേക്കുമെന്നും പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു സമൂഹമാധ്യമത്തിൽ അറിയിച്ചു. ഈ ദിവസങ്ങളിലെ സമ്മേളനത്തിൽ ചോദ്യോത്തരവേള, ശൂന്യവേള എന്നിവ ഉണ്ടായിരിക്കില്ല. പാർലമെന്റിന്റെ ഇരുസഭകളും ഓഗസ്റ്റ് 13 ന് അനിശ്ചിതകാലത്തേക്ക് പിരിയുകയായിരുന്നു.

GOYAL- INDIA- US DEAL(INTRO)

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര കരാർ അന്തിമഘട്ടത്തിലാണെന്നും ഉടൻ യാഥാർത്ഥ്യമാകുമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ . ന്യൂഡൽഹിയിൽ നടന്ന 'ഇന്ത്യ ഡെറ്റ് ക്യാപിറ്റൽ മാർക്കറ്റ് ഉച്ചകോടി'യിൽ വെർച്വലായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ചില നടപടിക്രമങ്ങൾ കാരണം കരാർ വൈകിയിരുന്നെങ്കിലും ഇപ്പോൾ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഈ വർഷം അവസാനത്തോടെ ഒപ്പുവെക്കാനാകുമെന്നും അടുത്ത വർഷം മാർച്ച് -ഏപ്രിൽ മാസത്തോടെ പ്രാബല്യത്തിൽ വരുമെന്നും അദ്ദേഹം പറഞ്ഞു .

(വോയിസ്)

BAL VIVAH MUKT BHARAT

ബാലവിവാഹമുക്ത ഭാരതം എന്ന ലക്ഷ്യത്തോടെ വനിതാ ശിശുവികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയതല പരിപാടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. 2024-ൽ ആരംഭിച്ച ദേശീയ പ്രചാരണത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് പരിപാടി. ബോധവത്കരണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും ബാലവിവാഹത്തിനെതിരായ പ്രതിജ്ഞയെടുക്കുന്നതിനും

പ്രത്യേക പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു. ബാലവിവാഹം, നിർബന്ധിത വിവാഹം എന്നിവ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനം കൂടിയാണ് ഇന്ന്.

JAISHANKAR – IORA MEET

ആഗോള വ്യാപാരം, ഊർജ്ജ സുരക്ഷ, കണക്ടിവിറ്റി, സാമ്പത്തിക സമൃദ്ധി എന്നിവയിൽ ഇന്ത്യൻ മഹാസമുദ്രത്തിന് നിർണായക സ്ഥാനമുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ 'ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ മന്ത്രിതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വെല്ലുവിളികൾ നേരിടുന്ന ഇടമാണെങ്കിലും, വൈവിധ്യങ്ങളാലും അവസരങ്ങളാലും സമ്പന്നമാണ് ഈ മേഖലയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ മഹാസമുദ്ര മേഖല സമാധാനപരവും സുസ്ഥിരവും സുരക്ഷിതവും, വികസനത്തിന് അനുകൂലവുമാണെന്ന് ഉറപ്പാക്കുക എന്നത് IORA-യുടെ കൂട്ടായ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു.

INDIA UAE

അത്യാധുനിക പ്രതിരോധ ഉപകരണങ്ങളുടെ സംയുക്ത വികസനവും ഉൽപ്പാദനവും ദ്രുദഗതിയിലാക്കാൻ ഇന്ത്യയും യുഎഇയും തമ്മിൽ ധാരണയിലെത്തി. അബുദാബിയിൽ നടന്ന ഇന്ത്യ-യുഎഇ സംയുക്ത പ്രതിരോധ കോഷ്പറേഷൻ കമ്മിറ്റിയുടെ 14-ാമത് യോഗത്തിലാണ് തീരുമാനം. ഇന്ത്യൻ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗും, യുഎഇ പ്രതിരോധ മന്ത്രാലയം അണ്ടർ സെക്രട്ടറി ലഫ്റ്റനന്റ് ജനറൽ ഇബ്രാഹിം നാസർ എം. അൽ അലാവിയും ചേർന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

WAYANAD -E WASTE-FREE DISTRICT

രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഇ-മാലിന്യമുക്ത ജില്ലയായി വയനാടിനെ മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് പ്രഖ്യാപിക്കും. സർക്കാർ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങളിലൂടെ 1,028 ടൺ ഇ-മാലിന്യമാണ് ശേഖരിച്ചത്.

LEGISLATIVE ASSEMBLY SESSION

16-ആം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം തിങ്കളാഴ്ച ആരംഭിക്കുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയിച്ചു. ഡിസംബർ 10 വരെ ഒമ്പത് ദിവസമാണ് സഭ സമ്മേളിക്കുക. പൂർണമായും നിയമനിർമാണ കാര്യങ്ങൾക്ക് വേണ്ടിയാണ് സഭാ സമ്മേളനം.

PALAKKAD (INTRO)

പാലക്കാട് ജില്ലയിൽ ഒന്നാം വിള നെല്ലെടുപ്പിൽ ഈ മാസം 21 വരെ സ്ഥിരീകരിച്ച പി.ആർ.എസുകളിൽ വിലവിതരണത്തിന് അനുമതിയായി. അതേസമയം രണ്ടാം വിളയിൽ സംഭരിച്ച നെൽ വിത്തിന്റെ വില ഇതുവരെ ലഭിക്കാത്തതിനാൽ

നെൽവിത്ത് കർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. *കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....*

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

IRAN KUWAIT ATTACK

കുവൈറ്റിൽ രണ്ട് ഇറ്റാലിയൻ പൗരന്മാരുടെ മരണത്തിനിടയാക്കിയ ആക്രമണത്തിൽ തങ്ങൾക്ക് പങ്കില്ലെന്ന് ഇറാൻ വ്യക്തമാക്കി. കുവൈറ്റിലെ ഒരു പ്രധാന കേന്ദ്രത്തിന് നേരെയുണ്ടായ ഇറാനിയൻ ഡ്രോൺ ആക്രമണത്തിൽ രണ്ട് ഇറ്റാലിയൻ പൗരന്മാർ കൊല്ലപ്പെട്ടതായി കുവൈറ്റ് പ്രതിരോധ മന്ത്രാലയം ഇന്നലെ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ, ആക്രമണത്തിന് പിന്നിൽ ഇറാനാണെന്ന ആരോപണം റോമിലെ ഇറാൻ എംബസി തള്ളി.

അതേസമയം, സൗദി അറേബ്യയിലെ ജിസാൻ എണ്ണ ശുദ്ധീകരണശാലയ്ക്ക് നേരെയുണ്ടായ വ്യോമാക്രമണത്തെത്തുടർന്ന് തീപിടിത്തമുണ്ടാവുകയും ശുദ്ധീകരണശാലയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

IMD

ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഹിമാചൽ പ്രദേശ്, ഉത്തർപ്രദേശ്, രാജ്യത്തിന്റെ വടക്കുകിഴക്കൻ ഭാഗങ്ങൾ എന്നിവിടങ്ങളിൽ ഇന്ന് കനത്ത മൂടൽമഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . കിഴക്കൻ രാജസ്ഥാനിൽ നാളെ വരെ ശീതതരംഗത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ കാറ്റിനും ഇടിമിന്നലോടു കൂടിയ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RAIN KERALA

കേരളത്തിൽ ഇന്നും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

HOCKEY

വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമിയിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. ഭോപ്പാലിൽ വൈകുന്നേരം 7 മണിക്ക് മത്സരം ആരംഭിക്കും. ജപ്പാനും ചൈനയും തമ്മിലാണ് രണ്ടാം സെമി.

CRICKET

ക്രൈസ്റ്റ്ചർച്ചിൽ നടക്കുന്ന ഇന്ത്യ-ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ന്യൂസിലൻഡ് 85 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 246 റൺസ് എന്ന നിലയിൽ . ടോസ് നേടിയ ഇന്ത്യ, ന്യൂസിലൻഡിനെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു. ഇന്ത്യയ്ക്ക് വേണ്ടി ആകാശ് ദീപ് രണ്ട് വിക്കറ്റും, ഗുർണൂർ ബ്രാർ, അൻഷുൽ കാംബോജ്, വാഷിംഗ്ടൺ സുന്ദർ എന്നിവർ ഓരോ വിക്കറ്റും നേടി. രണ്ടാം ദിനമായ നാളെ ഇന്ത്യൻ സമയം പുലർച്ചെ 3:30-ന് മത്സരം പുനരാരംഭിക്കും.

MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി മൻ കീ ബാത്തിലേക്ക് ഇന്ന് കൂടി ആശയങ്ങളും നിർദേശങ്ങളും അറിയിക്കാം. MyGov ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ അറിയിക്കാവുന്നതാണ്. 'മൻ കീ ബാത്തിൻറെ

140 -ാം പതിപ്പ് മറ്റെന്നാൾ പ്രക്ഷേപണം ചെയ്യും.

KASI THAMIZHSANGAMAM

അഞ്ചാമത് കാശി - തമിഴ് സംഗമത്തിന് നാളെ ഉത്തർപ്രദേശിലെ വാരാണസിയിൽ തുടക്കമാകും. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. 'തിരുക്കുറൾ പഠിക്കാം' എന്ന പ്രമേയത്തിൽ നടക്കുന്ന പരിപാടിയിലൂടെ തിരുക്കുറലിന്റെ കാലാതീതമായ ആശയങ്ങൾ പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. തമിഴ്നാട്ടിൽ നിന്ന് 1,400 പേർ വാരാണസി, പ്രയാഗ്രാജ്, അയോധ്യ എന്നിവിടങ്ങൾ സന്ദർശിക്കും. അടുത്ത മാസം 12 വരെയാണ് കാശി - തമിഴ് സംഗമം.

IFFI-GOA

ഗോവയിൽ നടക്കുന്ന 57 ആമത് അന്താരാഷ്ട്ര ചലച്ചിത്ര മേള നാളെ സമാപിക്കും. മേളയുടെ എട്ടാം ദിനമായ ഇന്ന് നടക്കുന്ന 'ദ ലെജൻഡറി 25' എന്ന പാനൽ ചർച്ചയിൽ ചലച്ചിത്ര നിർമ്മാതാവും നടനുമായ ഫർഹാൻ അക്തർ, ചലച്ചിത്ര നിർമ്മാതാവ് അശുതോഷ് ഗോവാരിക്കർ, സംവിധായകൻ മധുർ ഭണ്ഡാർക്കർ എന്നിവർ പങ്കെടുക്കും. വിവിധ ദേശീയ, അന്തർദേശീയ ചിത്രങ്ങളുടെ പ്രദർശനം മേളയിൽ തുടരും.

